LIBRARY ARCHIVES Kerala Legislative Assembly

വേമ്പനാട്ടുകായലിലെ കക്കയുടെ ലഭ്യത

206 (4830) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വേമ്പനാട്ടുകായലിലെ പ്രധാന മത്സ്യസമ്പത്തായ കക്കയുടെ ലഭ്യത ഓരോ കൊല്ലം ചെല്ലുംതൊറും ക്രമാതീതമായി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് പ്രതിവിധിയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

വേമ്പനാട്ടുകായലിലെ പ്രധാന സമ്പത്തായ കക്കയുടെ ലഭ്യത ഓരോ കൊല്ലം ചെല്ലുംതോറും ക്രമാതീതമായി കുറഞ്ഞുവരുന്നതായി ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കക്കയുടെ ലഭ്യത സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ ഒന്നും ഫിഷറീസ് വകുപ്പ് നടത്തിയിട്ടില്ല. വേമ്പനാട്ടുകായലിൽ ദിനംപ്രതി എത്തിച്ചേരുന്ന നഗരമാലിന്യങ്ങൾ, പാടശേഖരങ്ങളിൽ ചെയ്തുവരുന്ന അമിതമായ രാസവളപ്രയോഗം, ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ എന്നിവമൂലം കായൽ ജലം മലിനമാകുന്നതും, അനിയന്ത്രിതമായി നടത്തിവരുന്ന കക്ക, മണൽ ഖനനം എന്നിവയും കക്കയുടെ ലഭ്യത കുറയ്ക്കുവാൻ കാരണമായേക്കാം.

അതിവേഗ പട്രോളിംഗ് ബോട്ടുകൾ

207 (4831) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിലെ രക്ഷ-സുരക്ഷ നടപടികളുടെ ഭാഗമായി ഇപ്പോൾ എത്ര അതിവേഗ പട്രോളിംഗ് ബോട്ടുകൾ ഉണ്ട് ;

(ബി) ഈ ബോട്ടുകൾ ഏതെല്ലാം മത്സ്യബന്ധന കേന്ദ്രങ്ങൾക്കാണ് നൽകിയിട്ടുള്ളത് ;

(സി) ഈ ബോട്ടുകളുടെ പ്രത്യേകതകൾ എന്തെല്ലാം ; ഈ ബോട്ടുകളിൽ നിയോഗിച്ചിട്ടുള്ളവർക്ക് ഏതെല്ലാം രീതിയിലുള്ള പരിശീലനങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് 3 കടൽ രക്ഷാ പട്രോൾ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ രണ്ട് എണ്ണം ലഭ്യമായിട്ടുണ്ട്. മൂന്നാമത്തേത് ഉടനെ ലഭിക്കുന്നതാണ്. ഇതുകൂടാതെ രണ്ട് ബോട്ടുകൾ കൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലഭ്യമായ പട്രോൾ ബോട്ടുകൾ വിഴിഞ്ഞം, നീണ്ടകര എന്നീ മത്സ്യബന്ധന കേന്ദ്രങ്ങൾക്കും, ലഭ്യമാകാനുള്ള പട്രോൾ ബോട്ട് വൈപ്പിൻ (മുനമ്പം) മത്സ്യബന്ധന കേന്ദ്രത്തിനുമായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് നൽകുന്ന ഐ. ആർ. ക്ലാസ് സർട്ടിഫിക്കറ്റ് ഉള്ള ഫൈബർ ഗ്ലാസ് ബോട്ടിൽ Volvo Penta Engine ആണ് ഉപയോഗിച്ചിട്ടുള്ളത്. ബോട്ടിൽ തന്നെ ജീവൻ രക്ഷാ ഉപകരണങ്ങൾ അടക്കം എല്ലാവിധ ആധുനിക ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. 10 രക്ഷാപ്രവർത്തകർക്ക് സഞ്ചരിക്കാൻ കഴിയുന്നതും മണിക്കൂറിൽ 15 നോട്ടിക്കൽ മൈൽവരെ വേഗത ഉള്ളതുമായ ഈ ബോട്ടുകളിൽ സെർച്ച് ആന്റ് റെസ്ക്യൂ റഡാർ, ജി. പി. എസ്. ഇൻഫ്രാ റെഡ് ബൈനോക്കുലർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽനിന്നും വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള സീ റെസ്ക്യൂ സ്കാഡുകളെയാണ് ബോട്ടുകളിൽ നിയോഗിക്കുന്നത്. ബോട്ടിന്റെ എഞ്ചിൻ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് ഇവർക്ക് Volvo Penta Company യിൽ നിന്നും പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

ഇന്റഗ്രേറ്റഡ് ഫിഷ്ഹാമിലേയ്ക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

208 (4832) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടത്വായിലെ ഇന്റഗ്രേറ്റഡ് ഫിഷ് ഹാമിലേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഫിഷ് ഹാമിന്റെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) എടത്വായിലെ ഇന്റഗ്രേറ്റഡ് ഫിഷ് ഹാമിലേയ്ക്കുള്ള റോഡ് നവീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. തോമസ് ചാണ്ടി എം. എൽ. എ. സമർപ്പിച്ച നിവേദനം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly